STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.41/PR/SPMC/PHQ/2026 Date: 31.01.2026

## റോഡ് സുരക്ഷ മാസാചരണം: ട്രാഫിക് റോഡ് സേഫ്റ്റി മാനേജ്മെന്റ് കൂട്ടയോട്ടം സംഘടിപ്പിച്ചു

ദേശീയ റോഡ് സുരക്ഷ മാസാചരണത്തിന്റെ സമാപന ദിവസമായ ജനുവരി 31 ന് കേരള പോലീസിന്റെ ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റും തിരുവനന്തപുരം ഈസ്റ്റ് റോട്ടറി ക്ലബും സംയുക്തമായി കൂട്ടയോട്ടം സംഘടിപ്പിച്ചു. **'സേഫ് റോഡ്സ്, സേഫ് ലൈവ്സ്'** എന്ന പേരിൽ സംഘടിപ്പിച്ച കൂട്ടയോട്ടം കവടിയാറിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ ഫ്ളാഗ് ഓഫ് ചെയ്തു.

കവടിയാറിൽ നിന്ന് ആരംഭിച്ച കൂട്ടയോട്ടം മാനവീയം വീഥിയിൽ സമാപിച്ചു. ഐ.ജിമാരായ ജി. സ്പർജൻ കുമാർ, ആർ നിശാന്തിനി, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, റോട്ടറി ക്ലബ് ട്രിവാൻഡ്രം ഈസ്റ്റ് പ്രതിനിധികളായ സുരേഷ് മാത്യു, അനി റ്റി നായർ, ശ്യാം എസ്, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് കവിത കെ. നായർ, എസ്.ബി.ഐ മാനേജർ ഷൈല ഇസ്മായിൽ, ജില്ലയിലെ വിവിധ സ്കൂൾ, കോളേജുകളിൽ നിന്നുമുള്ള എൻ.സിസി, എൻ.എസ്.എസ്, സ്കൗട്ട്സ് & ഗൈഡ്സ് കേഡറ്റുകൾ, ട്രാഫിക് വോളന്റിയർമാർ, പൊതുജനങ്ങൾ പങ്കെടുത്തു. സമാപന വേദിയായ മാനവീയം വീഥിയിൽ വെച്ച് ഗതാഗത സുരക്ഷാ പ്രതിജ്ഞ ഐ.ജി ആർ നിശാന്തിനി ചൊല്ലിക്കൊടുത്തു. കൂടാതെ കൂട്ടയോട്ടത്തിൽ പങ്കാളികളായവരിൽ നിന്നും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത 36 പേർക്ക് സമ്മാനങ്ങൾ നൽകി.

************************